**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **05-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ ഗവൺമെൻറ് പോളി ടെക്നിക്കിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ ഗവൺമെൻറ് പോളി ടെക്നിക്ക് കോളേജിലെ നാല് അദ്ധ്യാപക തസ്തിക നഷ്ടപ്പെട്ടതിനാൽ നാല് താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗസ്റ്റ് അദ്ധ്യാപക നിയമനം വൈകുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**കണ്ണൂർ മണ്ഡലത്തിലെ ഗവ.പോളിടെക്നിക്ക് കോളേജ്, കണ്ണൂർ ഉൾപ്പെടെ 23 സർക്കാർ പോളിടെക്നിക്ക് കോളേജുകളിലായി എ.ഐ.സി.ടി.ഇ നിഷ്കർഷിക്കുന്ന അധ്യാപക വിദ്യാർത്ഥി അനുപാതം , അധിക ജോലി ഭാരം, ഇവ കണക്കാക്കി ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നത് എൽ3/267/2021/ഉ.വി.വ. നം. ഫയലിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രോപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ